# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2214</u>      <u>18.12.2012 ലെ മറുപടിക്ക്</u>

### <u>ഗതാഗത നയം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ:<br>,, വി. റ്റി. ബൽറാം:<br>,, വി.പി. സജീന്ദ്രൻ:<br>,, അൻവർ സാദത്ത് : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ഗതാഗതനയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഇതിന്റെ പ്രത്യേകതകളും ഉദ്ദേശ ലക്ഷ്യങ്ങളും എന്തൊക്കെയാണ്; | (ബി) | 2025 ഓടു കൂടി കേരളീയരുടെ ഗതാഗത ആവശ്യങ്ങൾ സാക്ഷാത്കരിക്കാൻ ഉതകുന്ന രീതിയിൽ കേരളത്തിലെ വിവിധ വികസന മേഖലകളെ കൂട്ടിയിണക്കിക്കൊണ്ട് ആധുനികവും, കാര്യക്ഷമവും, സുരക്ഷിതവും, ചെലവു കുറഞ്ഞതുമായ ഒരു ഗതാഗത വ്യവസ്ഥ വാർത്തെടുക്കുക എന്നുള്ളതാണ് ഗതാഗത നയത്തിന്റെ പ്രധാന ഉദ്ദേശലക്ഷ്യം. ഗതാഗത മേഖലയെ പബ്ലിക് ട്രാൻസ്പോർട്ട്, പാർക്കിംഗ്, റൂറൽ ട്രാൻസ്പോർട്ട്, ഗുഡ്സ് ട്രാൻസ്പോർട്ട്, മോട്ടോർ വാഹനങ്ങൾ തുടങ്ങിയ വിവിധ ഭാഗങ്ങളിലായി തരംതിരിച്ച് ഓരോ മേഖലയിലും വിവിധ ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും, പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്ന എന്നുള്ളതാണ് ഗതാഗത നയത്തിന്റെ പ്രത്യേകത. |
| (സി) | ആധുനികവും കാര്യക്ഷമവും സുരക്ഷിതവും പരിസ്ഥിതി സൗഹാർദ്ദവുമായ ഗതാഗത സംവിധാനം ആവിഷ്ക്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | താഴെപ്പറയുന്നവയാണ് ടി നയത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ :<br><br>1. 2025-ാം മാണ്ടോടെ ഗതാഗത മേഖലയിൽ പൊതു മേഖലയുടെ പങ്ക് നിലവിലുള്ള 33%ൽ നിന്നും 80% ആക്കി ഉയർത്തി പൊതു ഗതാഗത സംവിധാനം ഉടച്ചു വാർക്കുക;<br>2. സ്വകാര്യ ഗതാഗത സംവിധാനങ്ങളെ അമിതമായി ആശ്രയിക്കുന്നത് കുറച്ച് ഇന്റർ സ്റ്റേറ്റ്, ഇന്റർ സിറ്റി ഗതാഗത മേഖലകളിൽ റയിൽവേയുടേയും, ഇന്റർസിറ്റി, ഇന്റർ-സ്റ്റേറ്റ് ഗതാഗത മേഖലകളിൽ ബസുകളുടേയും പങ്ക് |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുക.<br>3. തിരക്കേറിയ ഇന്റർസിറ്റി റൂട്ടുകളിൽ മെട്രോ അല്ലെങ്കിൽ മോണോ റെയിൽ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള സംവിധാനങ്ങളും പ്രധാന റൂട്ടുകളിൽ ഹൈസ്പീഡ് ഇന്റർസിറ്റി പാസ്സഞ്ചർ റെയിൽ സർവ്വീസ്, സബ്-അർബൻ റെയിൽ സംവിധാനം എന്നിവയും ഏർപ്പെടുത്തുക;<br>4. സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി-യെ പ്രോത്സാഹിപ്പിക്കുക. കെ.എസ്.ആർ.ടി.സിയ്ക്കുള്ള സ്വയം ഭരണാധികാരം വർദ്ധിപ്പിക്കുകയും, മിഡിൽ ലെവൽ മാനേജ്മെന്റ് സിസ്റ്റം, റൂട്ടുകളുടെ റാഷണലൈസേഷൻ തുടങ്ങിയവ നടപ്പിൽ വരുത്തുകയും, 2025 ഓട് കൂടി മൊത്തം സ്റ്റേജുകാര്യേജുകളുടെ അളവിൽ കെ.എസ്.ആർ.ടി.സിക്ക് ഇപ്പോഴുള്ള - 27%ൽ നിന്നും 50%ആക്കി ഉയർത്തുകയും ചെയ്യുക.<br>5. പൊതുവാഹന സർവ്വീസുകളുടെ പ്രവർത്തന ഘടന പൊതുജനങ്ങളെ മാസ്സ് ട്രാൻസ്പോർട്ടിലേയ്ക്ക് ആകർഷിക്കുന്ന രീതിയിൽ കാര്യക്ഷമമാക്കുക. അന്തരീക്ഷമലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി സർക്കാർ പുതുതലമുറയിൽപ്പെട്ട ക്ലീൻ എനർജി ബസുകൾ അവതരിപ്പിക്കുക;<br>6. പേഴ്സണലൈസ്ഡ് ട്രാൻസ്പോർട്ടുമായി താരതമ്യം ചെയ്യുമ്പോൾ, പബ്ലിക്ക് ട്രാൻസ്പോർട്ടിന് നികുതി ഘടനയിൽ ഇളവ് നൽകുക;<br>7. നഗരമേഖലകളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നും പൊതുജനങ്ങളെ നിരുത്സാഹപ്പെടുത്തി പൊതുഗതാഗത സംവിധാനം ഉപയോഗിക്കുന്നതിനായി ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക;<br>8. തിരക്കുള്ള മേഖലകളിൽ മെട്രോ, കമ്മ്യൂട്ടർ റെയിൽ (ലൈറ്റ് റെയിൽ/മോണോ റെയിൽ), ട്രാമുകൾ, സ്കൈ ബസ്, ഇലക്ട്രിക് ട്രോളി ബസുകൾ എന്നിവ ഏർപ്പെടുത്തുക.<br>9. കാൽനടയാത്രക്കാർക്ക് നടക്കുന്നതിനും, റോഡ് മുറിച്ച് കടക്കുന്നതിനും സംവിധാനമുള്ളതും, സൈക്കിൾട്രാക്, ഓഫ് സ്ട്രീറ്റ് പാർക്കിംഗ് എന്നീ |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളോട്ടുകൂടിയതുമായ 4/6 വരി പാതകളാക്കി നിലവിലുള്ള റോഡുകളെ വികസിപ്പിക്കുക; |
| | | | 10. മണിക്കൂറിൽ 8000-ൽ പരം വാഹനങ്ങൾ വഹിക്കുന്ന റോഡ് ഇന്റർസെക്ഷനുകളിൽ ഫ്ലൈ ഓവറുകൾ/അണ്ടർ പാസ്സുകൾ എന്നിവ നിർമ്മിക്കുക; |
| | | | 11. ഗതാഗത തിരക്ക് കുറയ്ക്കുന്നതിനായി റിംഗ് ആന്റ് റേഡിയൽ റോഡുകൾ, ബൈപാസ്സുകൾ, ലിങ്ക് റോഡുകൾ, ഫ്ലൈ ഓവറുകൾ, മൾട്ടി ലെവൽ ഓഫ് സ്ട്രീറ്റ് പാർക്കിംഗ് സംവിധാനങ്ങൾ, കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ചു കടക്കുന്നതിനുള്ള സംവിധാനങ്ങൾ തുടങ്ങിയവയോട്ടുകൂടിയ റോഡ് ശൃംഖലകൾ സെൻട്രൽ ബിസിനസ് ഡിസ്ട്രിക്ട് ഏരിയകളിൽ നിർമ്മിക്കുക; |
| | | | 12. നാല് ചക്രങ്ങളുള്ള ഓട്ടോറിക്ഷകൾ പോലുള്ള പ്രത്യേകമായി ഡിസൈൻ ചെയ്ത ഐപിറ്റി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുക; |
| | | | 13. ഷെയർ ടാക്സി, മോട്ടോർ സൈക്കിൾ ടാക്സി സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുക; |
| | | | 14. ഒരു കെട്ടിടത്തിൽ താമസിക്കുന്ന അല്ലെങ്കിൽ ജോലി ചെയ്യുന്ന വ്യക്തികളുടേയും സന്ദർശകരുടേയും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള ഇൻ ഹൗസ് പാർക്കിംഗ് സംവിധാനം ബിൽഡിംഗ് പെർമിറ്റിന് നിർബന്ധമാക്കുക; |
| | | | 15. മൾട്ടിസ്റ്റോറീഡ് പാർക്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുക; |
| | | | 16. ഗ്രാമീണ സമൂഹങ്ങൾക്ക് വിശ്വസനീയവും ലളിതവുമായ പൊതുഗതാഗത സൗകര്യം ഏർപ്പെടുത്തുക. |
| | | | 17. ബസ് സർവ്വീസ് നടത്തുന്നതിനായി ഒന്നോ അതിലധികമോ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാധ്യമാക്കുക; |
| | | | 18. വീതി കുറഞ്ഞ റോഡുകളുള്ള ഗ്രാമീണ മേഖലയിൽ മിനി ബസുകൾ അവതരിപ്പിക്കുക; ഇത്തരത്തിലുള്ള മിനി ബസ് സർവ്വീസുകൾക്ക് പ്രത്യേകം നിരക്ക് ഏർപ്പെടുത്തുക; ഇത്തരത്തിലുള്ള വാഹനങ്ങളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി അവയ്ക്ക് നികുതിയിളവുകൾ നൽകുക; |

| | | | |
|---|---|---|---|
| | | | 19. ഗ്രാമീണ മേഖലകളിൽ ബാറ്ററി/ സൗരോർജ്ജ വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുക;<br>20. മൾട്ടി-ആക്സിൽ ട്രക്കുകളുടേയും, കണ്ടെയ്നറുകളുടെയും ഗതാഗതം പ്രോത്സാഹിപ്പിക്കുക. ഇത്തരം വാഹനങ്ങൾക്ക് പാതയോരങ്ങളിൽ പാർക്കിംഗിനും, സർവ്വീസിങ്ങിനും മറ്റുമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക; ഇങ്ങനെയുള്ള വിവിധ പദ്ധതികളാണ് ഗതാഗത നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) | കരട് നയത്തിന്മേൽ പൊതുജനങ്ങൾക്കും ബന്ധപ്പെട്ടവർക്കും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകാൻ അവസരം നൽകുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | പൊതുജനത്തിന് അഭിപ്രായം ഇ മെയിലും പോസ്റ്റും മുഖേന രേഖപ്പെടുത്തുവാനുള്ള സൗകര്യം സഹിതം ഈ കരട് ഗതാഗതനയം ഓൺലൈനായി പ്രസിദ്ധപ്പെടുത്തി അങ്ങനെ ലഭിക്കുന്ന അഭിപ്രായങ്ങൾ സ്വരൂപിച്ച് ശുപാർശ സഹിതം സർക്കാരിനു സമർപ്പിക്കുവാൻ ഗതാഗത കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ